കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലായ് 19, തിങ്കളാഴ്ച

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 21

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1999 ജൂലായ് മാസം 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ,....., ചോദ്യം നമ്പർ 489.

പ്രസവ മരണ നിരക്ക്

1 (*489) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. വെങ്ങാനൂർ. പി. ഭാസ്കരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രസവമരണ നിരക്കിനെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; എങ്കിൽ ഏത് കാലഘട്ടത്തിൽ;

(ബി) ഏതെല്ലാം ആശുപത്രികൾ കേന്ദ്രീകരിച്ചാണ് പഠനം നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ പ്രസവമരണനിരക്ക് വികസിതരാജ്യങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതലാണെന്ന് ബോദ്ധ്യമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് തെളിഞ്ഞിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് നടക്കുന്ന പ്രസവത്തോടെയുള്ള മരണങ്ങളിൽ കൂടുതലും അമ്മമാരിലെ ഉയർന്ന രക്തസമ്മർദ്ദംമൂലമാണെന്നുള്ളതു കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് പ്രസവത്തോടെയുള്ള മരണ നിരക്ക് കുറച്ചു കൊണ്ടുവരുന്നതിന് മെഡിക്കൽ കോളേജാശുപത്രികൾ, ജില്ലാ ആശുപത്രികൾ, വനിതാ ആശുപത്രി എന്നീ വിഭാഗങ്ങളിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ,

(എ) 1992-ൽ ഭാരതം ഒട്ടാകെ നടപ്പാക്കിയ ശിശു അതിജീവന മാതൃ സുരക്ഷിതത്വ പരിപാടിയുടെ ഭാഗമായും 1996-ൽ യൂണിസെഫിന്റെ സഹായത്തോടുകൂടിയും 1998 ഏപ്രിൽ മാസം ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ ഗർഭിണികളുടെ വർഷത്തോടനുബന്ധിച്ചും പഠനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ 7.2.1998-ൽ നിലവിൽ വന്ന Maternal Death Audit System എന്ന നടപടിയുടെ ഭാഗമായി വിദഗ്ദ്ധ സമിതിയെ പ്രസവമരണത്തെത്തുടർന്നുള്ള അന്വേഷണത്തിനും റിപ്പോർട്ടിനുമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പോഗ്സി എന്ന ഗൈനക്കോളജിസ്റ്റുകളുടെ സംഘടനയും പഠനം നടത്തിയിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജുകൾ, തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, എഫ്.ആർ.യു., പ്രൈമറി ഹെൽത്ത് സെന്ററുകൾ, ഗവൺമെന്റിതര ആശുപത്രികൾ ഇവയെ കേന്ദ്രീകരിച്ചാണ് വിവിധ പഠനങ്ങൾ നടത്തിയിട്ടുള്ളത്.

(സി) ആരോഗ്യ രംഗത്ത് മുമ്പിൽ നിൽക്കുന്ന വികസിത രാജ്യങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പ്രസവമരണനിരക്ക് കൂടുതലാണ്.

(ഡി) വികസിത രാജ്യങ്ങളിൽ ലഭ്യമായത്ര ചികിത്സാസൗകര്യങ്ങൾ കേരളത്തിൽ ലഭ്യമല്ലാത്തതാണ് പ്രധാനപ്പെട്ട കാരണം.

(ഇ) മെഡിക്കൽ കോളേജുകൾ കേന്ദ്രമായി നടത്തിയ പഠനങ്ങളിൽ ഏറ്റവും പ്രധാന കാരണം രക്തസമ്മർദ്ദമാണെങ്കിലും കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ചെറുതും വലുതുമായ ആശുപത്രികളിലെ പ്രസവമരണങ്ങളുടെ മുഖ്യകാരണം ഇപ്പോഴും പ്രസവസംബന്ധമായ അതിരക്തസ്രാവം തന്നെയാണ്.

(എഫ്)

(1) ലോകബാങ്കിന്റെ സഹായത്തോടെ 117 കോടി രൂപ മതിപ്പു ചെലവിൽ പ്രജനന-ശൈശവ ആരോഗ്യപരിപാടിയിൽ ഉൾപ്പെടുത്തി ജില്ലാ താലൂക്ക് ആശുപത്രികൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ എന്നിവ നവീകരിച്ചു വരുന്നു. 16.87 കോടി രൂപ ചെലവിൽ പാലക്കാട് ജില്ലയിലും 10.31 കോടി രൂപ ചെലവിൽ കോഴിക്കോട് നഗരത്തിലും ഒരു ഉപപദ്ധതിയും നടപ്പാക്കി വരുന്നു. കൊച്ചി, തിരുവനന്തപുരം നഗരങ്ങളിലും കോഴിക്കോട് മാതൃകയിൽ ഒരു ഉപപദ്ധതി സമർപ്പിച്ചിട്ടുണ്ട്. 2.66 കോടി രൂപ ചെലവിൽ മലപ്പുറം ജില്ലയിൽ പ്രജനന ആരോഗ്യ പദ്ധതിയും നടപ്പാക്കിവരുന്നു. കണ്ണൂർ, കാസർഗോഡ്, വയ

LIBRARY ARCHIVES Kerala Legislative Assembly

നാട് ജില്ലകൾക്ക് 16.47 കോടി രൂപയുടെ ഇതേ പദ്ധതിക്ക് അംഗീകാരമായിക്കഴിഞ്ഞു. ഇത് ഈ വർഷം നടപ്പാക്കുന്നതാണ്.

(2) യൂണിസെഫിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ 70 ആശുപത്രികൾ ഫസ്റ്റ് റഫറൽ യൂണിറ്റായി തെരഞ്ഞെടുത്ത് പ്രസവചികിത്സയ്ക്കും നവജാതശിശുപരിചരണത്തിനും ആവശ്യമായ അതിനൂതനമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു.

(3) 2 കോടി 36 ലക്ഷം രൂപ ചെലവിൽ 40 സ്ഥാപനങ്ങളിലേയ്ക്കായി അൾട്രാ സൗണ്ട് സ്കാനർ നൽകിയിട്ടുള്ളത് രോഗനിർണ്ണയത്തിനും അപകടസാദ്ധ്യത മുൻകൂട്ടി കണ്ടെത്തുന്നതിനും സഹായകമാകുന്നു.

(4) 1995-ൽ ഗവൺമെന്റ് മേഖലയിൽ 12-ഉം സ്വകാര്യ മേഖലയിൽ 14-ഉം ആയിരുന്ന ബ്ലഡ് ബാങ്കുകളുടെ എണ്ണം ഇപ്പോൾ 30-ഉം 76-ഉം ആയിട്ടുണ്ട്.

(5) കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ വിവിധ ആശുപത്രികൾക്കായി 71 ആംബുലൻസുകൾ നൽകിയിട്ടുള്ളത് അടിയന്തിര കേസുകൾ മേജർ ആശുപത്രികളിൽ എത്തിക്കുന്നതിനും അടിയന്തിര വൈദ്യ ശുശ്രൂഷയ്ക്കും സഹായമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, നവജാത ശിശുക്കൾ മരിക്കാനിടയാകുന്നത് ജപ്പാനിൽ ആയിരത്തിൽ രണ്ടും ഇന്ത്യയിൽ ആയിരത്തിന് 71-ഉം കേരളത്തിൽ ആയിരത്തിൽ 12-ഉം ആണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈയിടെ കോഴിക്കോട്ടുവച്ചു നടന്ന ഒരു സെമിനാറിൽ വച്ച് ഇങ്ങനെ നവജാതശിശുകൾ മരിക്കാനിടയാകുന്നത് അവർക്ക് പ്രസവസമയത്ത് ഓക്സിജൻ കൊടുക്കാതെ വരുന്നതുകൊണ്ടുണ്ടാകുന്ന ശ്വാസതടസ്സം മൂലമാണെന്ന് പറയുകയുണ്ടായി. അപ്പോൾ ആവശ്യത്തിന് ഓക്സിജൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അത് ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ജപ്പാൻ പോലെ സാമ്പത്തികമായി ഉയർന്നു നിൽക്കുന്ന രാജ്യങ്ങളിൽ ലഭ്യമാകുന്ന സൗകര്യങ്ങൾ ഇന്ത്യയിൽ പ്രത്യേകിച്ചും കേരളത്തിൽ പ്രത്യേകമായി ഉണ്ടായിക്കഴിഞ്ഞിട്ടില്ല. എന്നാൽ ഇത് പരിഹരിക്കുന്നതിനുവേണ്ടി ജനന സമയത്തും അതുപോലെ പ്രസവസമയത്തുമുള്ള ചികിത്സാസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള വേൾഡ് ബാങ്ക് സഹായവും വിദേശസഹായവും പോലുള്ള ചില പദ്ധതികൾ ഉപയോഗിച്ചുകൊണ്ട് നമ്മുടെ സ്ഥാപനത്തിലെ സ്ഥിതി മെച്ചപ്പെടുത്തുവാൻ ശ്രമിക്കുന്നതാണ്. ആ സ്ഥാപനങ്ങളിൽ ഇത്തരം സൗകര്യമുണ്ടാക്കുക തന്നെയാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, അമ്മമാരിൽ കണ്ടുവരുന്ന ഉയർന്ന രക്തസമ്മർദ്ദം അവരുടെ കരളിനേയും കിഡ്നിയേയുമാണ് ബാധിക്കുന്നത്. അതുപോലെതന്നെ പ്രസവസമയത്തുണ്ടാകുന്ന രക്തസ്രാവം മൂലമുള്ള മരണവും നമ്മുടെ കേരളത്തിൽ കാണാൻ കഴിയുന്നുണ്ട്. ഇത് തടയുന്നതിനാവശ്യമായ നടപടികൾ എന്തെല്ലാമാണ് സ്വീകരിച്ചിരിക്കുന്നത്?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ഞാൻ എന്റെ ആദ്യത്തെ ഉത്തരത്തിൽത്തന്നെ മറുപടി പറഞ്ഞു, മെഡിക്കൽ കോളേജുകളുടെ റിപ്പോർട്ടുകൾ വന്നത് വേറെയാണ്, മറ്റു തലങ്ങളിൽ നിന്നും റിപ്പോർട്ടുകൾ വന്നത് വേറെയാണ്. ഇതിനാവശ്യമായ സൗകര്യങ്ങളുണ്ടാക്കാൻ ശ്രമിക്കുകയാണ്.

ശ്രീ. സി.പി. ബാലൻ വൈദ്യർ: സർ, പ്രസവസമയത്തു നടക്കുന്ന മരണവും നവജാത ശിശുക്കളുടെ മരണവും ഇന്ത്യയിൽ വച്ച് ഏറ്റവും കൂടുതൽ കേരളത്തിലാണ്. കേരളത്തിൽ ചികിത്സാ രംഗത്ത് ഒരു പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രമുണ്ട്. വമ്പിച്ച പണവും നമ്മുടെ സംസ്ഥാനം ഈ മേഖലയിൽ ചെലവാക്കുന്നുണ്ട്. ഇത്രയധികം ചികിത്സാ സംവിധാനമുള്ള നമ്മുടെ കേരളത്തിൽ ശിശു മരണ നിരക്ക്, ഈ ചികിത്സാ സമ്പ്രദായം, അതു കൊണ്ടുദ്ദേശിക്കുന്ന പ്രവർത്തനം എന്നിവ കാര്യക്ഷമമായി നടത്താൻ കഴിയാത്തത് പ്രത്യേകിച്ചും ബോധവൽക്കരണം ഈ രംഗത്തുണ്ടാകുന്നില്ല എന്നതു കൊണ്ടാണ്. ഗർഭിണികൾ നെല്ലുകുത്തണമെന്ന് പഴയകാലത്തെല്ലാം മുത്തശ്ശിമാർ പറയുമായിരുന്നു. ഇന്ന് സ്ത്രീകളെ സംബന്ധിച്ചിടത്തോളം പ്രസവകാലംവരെ വിശ്രമമെടുക്കുന്ന നിലയിലായിട്ടുണ്ട്. ബോധവൽക്കരണത്തിന്റെ കുറവും ഈ രംഗത്ത് വളരെ കൂടുതലുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് ഇന്ന് ഗവൺമെന്റിന്റെ കൈയിലുള്ള മെഷിനറികൾ ഫലപ്രദമായി ഉപയോഗിക്കത്തക്കവിധത്തിലുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, പഞ്ചായത്തുകളിലുള്ള ചികിത്സാ സൗകര്യങ്ങളുടെ ഫലമായി ശിശുമരണനിരക്ക് കുറച്ചുകൊണ്ടുവരുന്ന കാര്യത്തിലൊക്കെ അഭൂതപൂർവ്വമായ നേട്ടം കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. 1997-ൽ ഇന്ത്യയിൽ ശിശുമരണനിരക്ക് 71 ആയിരുന്നുവെങ്കിൽ അത് കേരളത്തിൽ 12 ആണ്. അത്രയും ചുരുക്കിക്കൊണ്ടുവരാൻ കഴിഞ്ഞത് ഈ സ്ഥാപനങ്ങളുടെ ശ്രമഫലമായിട്ടാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച നമ്മുടെ ദേശീയ ആരോഗ്യപദ്ധതിയിൽ പ്രധാനപ്പെട്ട ഒന്ന് പ്രാഥമിക തലത്തിലുള്ള ഫാമിലിവെൽഫെയർ സബ്സെന്ററുകളിലെ ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഗൃഹസന്ദർശനം, അവരെ സഹായിക്കുന്നതിനുവേണ്ടി അംഗനവാടി, ബാലവാടി വിഭാഗം ടീച്ചർമാരുടെ സഹായങ്ങൾ, മഹിളാ അസോസിയേഷൻ തുടങ്ങിയ സാമൂഹ്യ പ്രവർത്തകരുടെ, സാമൂഹ്യസഹായമൊക്കെ ലഭ്യമാകുന്നുണ്ട്. അതിന്റെയൊക്കെ ഫലമായിട്ടാണ് ജനനമരണനിരക്ക് 12 ആക്കി ചുരുക്കിക്കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞത്. അത് ഇനിയും ചുരുക്കുക എന്ന ലക്ഷ്യം വച്ചാണ് നീങ്ങുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ തീർച്ചയായും ഈ കാര്യത്തിൽ ബോധവൽക്കരണത്തിന് വലിയൊരു പങ്കുവഹിക്കാൻ കഴിയും. എല്ലാവരുടേയും സഹായസഹകരണം ഈ കാര്യത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി.പി. ബാലൻ വൈദ്യർ: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്ന ആശുപത്രി കോഴിക്കോട് മെഡിക്കൽ കോളേജാണ്. അതുപോലെതന്നെ കോഴിക്കോടു പട്ടണത്തിൽ കോട്ടപ്പറമ്പിൽ ഒരു ആശുപത്രിയുണ്ട്. ഇന്ത്യയിലും ഏറ്റവും കൂടുതൽ പ്രസവം നടക്കുന്ന ആശുപത്രിയാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി. അത്രയും വിദഗ്ദ്ധൻമാരായ ഡോക്ടർമാർ അവിടെയുണ്ടെന്നതിന്റെ തെളിവാണത്. ഞാൻ സൂചിപ്പിക്കുന്നത് ഏറ്റവും കൂടുതൽ പ്രസവം നടക്കുന്ന ആ ആശുപത്രിയിൽ ശസ്ത്രക്രിയ വേണ്ടിവന്നാൽ വളരെ പരിമിതമായ സൗകര്യമാണുള്ളത്. ചിലപ്പോൾ നാലും അഞ്ചും ശസ്ത്രക്രിയ ഒരേ സമയത്ത് നടക്കണമെങ്കിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ അതിനനുസരിച്ച് സൗകര്യങ്ങളില്ല. ഇതിനനുസരിച്ച് സൗകര്യം കോഴിക്കോട് മെഡിക്കൽ കോളേജിലുണ്ടാക്കുന്നതിനും നവജാത

LIBRARY ARCHIVES Kerala Legislative Assembly

ശിശുക്കൾ പരിചരണം കൊടുക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുന്നതിനും പ്രത്യേക സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തുമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, കോഴിക്കോട് ഐ.എം.സി.എച്ച്-ലെ കഴിഞ്ഞ വർഷത്തെ പ്രസവം 27,000 ആണ്. കോഴിക്കോട്, മലപ്പുറം ജില്ലയിൽ നിന്നുമാണ് അവിടെ പ്രസവത്തിന് ഏറ്റവും കൂടുതൽ പേർ വരുന്നത്. മലപ്പുറം ജില്ലയിൽ മെഡിക്കൽ കോളേജുമായി ബന്ധിപ്പിക്കുന്ന റോഡുകളും കൂടുതൽ പാലങ്ങളുമൊക്കെ വരുന്നതുവഴി മലപ്പുറം ജില്ലയിലെ കൂടുതൽ രോഗികളെ പ്രവേശിപ്പിക്കേണ്ട സ്ഥിതി വരുന്നുണ്ട്. കാരണം അവർക്ക് കോഴിക്കോട് ജില്ലയിൽ വടക്കൻ ഭാഗത്തുള്ളതിനേക്കാൾ അക്സസ് ഉള്ളത് മലപ്പുറം ജില്ലയിലാണ്. ജനസംഖ്യാനുപാതികമായി മലപ്പുറം ഇപ്പോൾ സ്റ്റേറ്റിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്നതുകൊണ്ടും അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഐ.എം.സി.എച്ച്-ൽ പ്രസവത്തിനുവേണ്ടി അഡ്മിറ്റ് ചെയ്ത രോഗികളുടെ എണ്ണം കൂടാം. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പുതിയ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. കഴിഞ്ഞ സാമ്പത്തികവർഷത്തിന്റെ അവസാനത്തിൽ ഇതിനു വേണ്ടി കുറച്ച് തസ്തികകളും സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കോഴിക്കോട് ഐ.എം.സി. എച്ച്-ൽ ഗൈനക്ക് വിഭാഗത്തിൽ ഒരു പ്രൊഫസർ, ഒരു അസോഷ്യേറ്റ് പ്രൊഫസർ, ഒരു അസിസ്റ്റന്റ് പ്രൊഫസർ, രണ്ട് ലക്ചറർമാർ; പീഡിയാട്രിക് വിഭാഗത്തിൽ ഒരു അസോഷ്യേറ്റ് പ്രൊഫസ്സർ, ഒരു അസിസ്റ്റന്റ് പ്രൊഫസ്സർ; അതുപോലെതന്നെ പീഡിയാട്രിക് സർജറി വിഭാഗത്തിൽ ഒരു അസോഷ്യേറ്റ് പ്രൊഫസ്സർ ഒരു ലക്ചറർ ഇങ്ങനെ 9 പുതിയ തസ്തികകൾ, സാധാരണ ഇത്രയും തസ്തികകൾ ഒന്നിച്ചുണ്ടാകാറില്ല, കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തിയതാണിത്. ഈ കൊല്ലത്തോടുകൂടി അതിന്റെ അപ്പോയിന്റ്മെന്റ് നടക്കുകയാണ്. അതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ മറ്റ് പാരാമെഡിക്കൽ സ്റ്റാഫിന്റെയും വർദ്ധനവുണ്ടാക്കിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ Staff Nurse 11, Nursing Assistant 6, Attender Grade II, Sweeper Cleaner 2, Lower Division Clerk 2 ഇങ്ങനെ കുറെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മറ്റു സൗകര്യങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഈ വർദ്ധനവ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അതിനനുസൃതമായ സംവിധാനങ്ങൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ഉണ്ടാക്കാൻ ശ്രമിക്കുകയുമാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഇൻഡ്യയിലും കേരളത്തിലും മാതൃമരണ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ; കേരളത്തിൽ മാതൃമരണനിരക്ക് കുറയ്ക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: മാതൃമരണ നിരക്കിന്റെ കാര്യത്തിൽ ദേശീയാടിസ്ഥാനത്തിൽ അത് 4 (നാല്) ആണെങ്കിൽ കേരളത്തിൽ അത് 0.8 ആണ്. അത്രയും വലിയ വ്യത്യാസമുണ്ട്. മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുവേണ്ടിയാണ് നമ്മൾ പുതിയ രീതിയിൽ പ്രജനന-ശൈശവ ആരോഗ്യപരിപാലന പ്രവർത്തനങ്ങൾ നടത്തുന്നത്. കേരളത്തിലെ പഞ്ചായത്തുകളുടെയും അതുപോലെ പൊതുപ്രവർത്തകരുടെയുമൊക്കെ പങ്കാളിത്തത്തോടുകൂടി ഈ പ്രവർത്തനങ്ങൾ വിജയിപ്പിക്കുവാൻ നമുക്ക് കഴിയുന്നതാണ്. ആ രീതിയിലുള്ള പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, സർക്കാർ ആശുപത്രികളിലേതിനേക്കാൾ കൂടുതൽ മരണനിരക്ക് സ്വകാര്യ ആശുപത്രികളിലാണ് നടക്കുന്നതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനത്തിന്മേൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ; ഉണ്ടെങ്കിൽ അത് എന്തൊക്കെയാണെന്ന് പറയാമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിന് പ്രത്യേകമായി നിയമത്തിന്റെ യാതൊരു അധികാരവും സംസ്ഥാന ഗവൺമെന്റിനില്ല. എന്നാൽ അതേസമയം സ്വകാര്യ ആശുപത്രികളുടെയെല്ലാം സ്ഥിതി ഒരുപോലെയാണെന്ന് പറയാൻ കഴിയുകയില്ല. അത് സംബന്ധിച്ച് വ്യത്യസ്തമായ കണക്കുകൾ കാണിക്കുന്ന റിപ്പോർട്ടുകളുണ്ട്. ഇതുസംബന്ധിച്ച് വലിയ പഠനമൊന്നും നടത്തിയിട്ടില്ല. പൊതുവേ കിട്ടുന്ന ചില വിവരങ്ങൾവച്ചും ചർച്ചകളിൽ ഉരുത്തിരിഞ്ഞുവരുന്ന അഭിപ്രായങ്ങളുമൊക്കെ നോക്കിയാൽ ഗവൺമെന്റ് സ്ഥാപനത്തെപ്പോലെ തന്നെ എല്ലാ സൗകര്യങ്ങളുമുള്ള സ്വകാര്യ ആശുപത്രികളുമുണ്ട്. ഗവൺമെന്റ് മേഖലയിൽ പത്ത് നാൽപതിനായിരം കിടക്കകളാണ് ഉള്ളതെങ്കിൽ ആ സ്ഥാനത്ത് സ്വകാര്യമേഖലയിൽ എഴുപത്തിയേഴായിരവും എൺപതിനായിരത്തോളവും കിടക്കകളാണ് ഉള്ളത്. അതുകൊണ്ട് സ്വകാര്യമേഖലയിൽ ഈ രാജ്യത്ത് പ്രസവം നടക്കുന്ന കണക്കുകൾ സംബന്ധിച്ച് നോക്കിയാൽ അത് കൂടുതലാണെന്ന് ചിലപ്പോൾ കണ്ടേക്കാം. ഇതാണ് അതേക്കുറിച്ച് പറയാനുള്ളത്.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, നമ്മുടെ സംസ്ഥാനത്തെ പല താലൂക്ക് ആശുപത്രികളിലും പ്രസവത്തെത്തുടർന്ന് ഉണ്ടാവുന്ന രക്തസ്രാവം മൂലം മരണങ്ങൾ നടക്കുന്നുണ്ട്. എന്നാൽ രക്തസ്രാവം നിയന്ത്രിക്കുന്നതിനുള്ള മരുന്നുകൾ പല താലൂക്ക് ആശുപത്രികളിലുമില്ല. അതുകൊണ്ട് പ്രസവമരണങ്ങൾ പലയിടത്തും നടക്കുന്നുണ്ട്. അതുകൊണ്ട് അടിയന്തിരമായും താലൂക്ക് ആശുപത്രികളിൽ രക്തം ക്ലോട്ട് ചെയ്യാനായിട്ട് ഉപയോഗിക്കുന്നതിനാവശ്യമായ മരുന്നുകൾ സുലഭമാക്കുന്നതിനുവേണ്ട സാഹചര്യവും നടപടിയും ഉണ്ടാക്കുവാനായിട്ട് ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ്: ചില താലൂക്കാശുപത്രികളിൽ മരുന്നില്ല എന്നുള്ള ഒരു പോരായ്മയുണ്ടായിരുന്നു. യഥാർത്ഥത്തിൽ രണ്ടു മണിക്കൂറിനുള്ളിൽ എങ്കിലും ബ്ലഡ് ബാങ്കിന്റെ സൗകര്യം ഇപ്പോൾ ലഭ്യമാവുന്ന താലൂക്കാശുപത്രികളുടെ എണ്ണം കുറവാണ്. ദൂരെ നിന്ന് ആവശ്യമുള്ള ബ്ലഡ് കൊണ്ടുവരേണ്ട സ്ഥിതിയുണ്ട്. അതുകൊണ്ട് ബ്ലഡ് ബാങ്കിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച്, അവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞു. ഗവൺമെന്റ് വളരെ പ്രാധാന്യത്തോടുകൂടി ഇപ്പോൾ എല്ലാ താലൂക്ക് ആശുപത്രികളിലും ബ്ലഡ് ബാങ്ക് സൗകര്യമുണ്ടാക്കാനുള്ള ലക്ഷ്യമിട്ടുകൊണ്ട് നീങ്ങുകയാണ്. എല്ലാ സ്ഥലത്തുമായിട്ടില്ല. എന്നാൽ ഇപ്പോൾ പലസ്ഥലത്തും ഉദാഹരണത്തിന് പെരിന്തൽമണ്ണയിൽ ഐ.എം.എ, അതുപോലെതന്നെ അവിടത്തെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി തുടങ്ങിയവ സഹായങ്ങൾ ചെയ്യുന്നുണ്ട്. അവിടെയാണ് അതിന്റെ തുടക്കം കുറിച്ചത്. മറ്റു പല സ്ഥലത്തും ഇപ്പോൾ പുതിയ അനുഭവമുണ്ട്. അവരുടെയൊക്കെ സഹായത്തോടെ കേന്ദ്രഗവൺമെന്റ് ഈ അടുത്തകാലത്ത് മാറ്റം വരുത്തിയ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് അവസാനം ഇങ്ങനെയാക്കിയത് സെൻട്രൽ ഗവൺമെന്റിന്റെ മദ്രാസിലുള്ള ഓഫീസിൽ നിന്നാണ്. എല്ലാ അംഗീകാരത്തോടുംകൂടിയുള്ള

ബ്ലഡ് ബാങ്കുകൾ ഉണ്ടാക്കാനുള്ള ശ്രമത്തിലാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇവിടെ പറഞ്ഞതുപോലെയുള്ള ഔഷധത്തിന്റെ പോരായ്മയുണ്ടെങ്കിൽ തീർച്ചയായിട്ടും അത്യാവശ്യമുള്ളത് വാങ്ങുന്നതിന് ലോക്കൽ പർച്ചേസിനുള്ള അവസരമുണ്ടാക്കിയിട്ടുണ്ട്. ചില മരുന്നുകളുടെ ലഭ്യതയിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ തീർച്ചയായും അത് പരിശോധിച്ച് ആവശ്യമായ നിർദ്ദേശം അക്കാര്യത്തിൽ കൊടുക്കുകയും ചെയ്യാം.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, കണ്ണൂർ ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലനത്തിന് ആവശ്യമായ ഒരാശുപത്രി 1981-ൽ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടായിരുന്നു. എന്നാൽ പിന്നീട് ആ പ്രവർത്തനങ്ങളൊക്കെ പൂർണ്ണമായി മന്ദീഭവിക്കുകയും ഇല്ലാതാകുകയും ചെയ്തു. അതുകൊണ്ട് അങ്ങ് തന്നെ മുൻകൈയെടുത്തുകൊണ്ട്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ആവശ്യമായ തുക ബഡ്ജറ്റിലുൾക്കൊള്ളിച്ചുകൊണ്ട് ഇപ്പോൾ ടെണ്ടറിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തിയാക്കി പണി തുടങ്ങുന്നതിനുവേണ്ട സാങ്കേതിക രീതിയിലുള്ള മിക്കവാറും കാര്യങ്ങളൊക്കെ പൂർത്തിയായി വരികയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ലോകബാങ്കിന്റെ സഹായത്തോടുകൂടി 117 കോടി ഉറുപ്പിക ആരോഗ്യമേഖലയിൽ ചെലവഴിക്കുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടായിട്ടുണ്ടെന്ന് അങ്ങ് ചൂണ്ടിക്കാണിച്ചതിനെ അടിസ്ഥാനപ്പെടുത്തി ലോകബാങ്കിന്റെ സഹായത്തോടെ ഈ ആശുപത്രി മാങ്ങാട്ടുപറമ്പിൽ ആരംഭിക്കുന്നതിനുള്ള നടപടി എത്രയുംവേഗം ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : 1981-ൽ ആ ആശുപത്രികെട്ടിടത്തിനുവേണ്ടി തറക്കല്ലിട്ടിരുന്നു. കണ്ണൂരിലെ തളിപ്പറമ്പിനടുത്തുള്ള മാങ്ങാട്ടുപറമ്പിൽ അത് തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ട് പ്രാരംഭനടപടികൾ ആരംഭിച്ചത്. പക്ഷേ പിന്നീട് അതിന്റെ ഒരു പ്രവൃത്തിയും നടന്നില്ല. എന്നാലും ഈ ഗവൺമെന്റ് വന്നതിനുശേഷം ബഡ്ജറ്റിൽ അതിനുവേണ്ട തുക വച്ച് അന്തിമമായിട്ട് ടെൻഡറിന്റെ ഘട്ടത്തിലാണ് അതിപ്പോൾ എത്തിനിൽക്കുന്നത്. അടുത്തുതന്നെ അതിന്റെ പണി തുടങ്ങുവാൻ കഴിയുന്ന അവസ്ഥയിലേക്ക് വന്നിട്ടുണ്ട്. വേൾഡ് ബാങ്കിന്റെ 117 കോടി രൂപയിൽ ഉൾപ്പെടുത്തിക്കൊണ്ട് കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഇപ്പോൾ വലിയ പ്രാമുഖ്യം കൊടുക്കാൻ കഴിയുകയില്ല. എന്നാൽ വേൾഡ് ബാങ്കിന്റെ സഹായം കിട്ടുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ആ പദ്ധതി ആരോഗ്യവകുപ്പ് അംഗീകരിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ മറ്റ് വകുപ്പുകളിലേക്ക് ഇത് അയച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെയും വിദേശകാര്യവകുപ്പിന്റെയും വേൾഡ് ബാങ്കിന്റെയുമൊക്കെ അംഗീകാരത്തോടുകൂടി അത് ഇനിയും സാങ്ഷനായി കിട്ടേണ്ടതുണ്ട്. അങ്ങനെ കിട്ടുകയാണെങ്കിൽ തീർച്ചയായും താലൂക്കാശുപത്രികളുടെ കെട്ടിടങ്ങൾക്കു വേണ്ട സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ</u> : സർ, മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികളായ സ്ത്രീകൾക്കും പോഷകാഹാരം കൊടുക്കുക എന്ന നല്ലൊരു ഏർപ്പാട് അംഗൻവാടികളുമായി ബന്ധപ്പെട്ട് ഉണ്ടെന്നാണ് സങ്കൽപ്പം. ഹെൽത്ത് ഡിപ്പാർട്ടുമെന്റ് വെൽഫെയർ ഡിപ്പാർട്ടുമെന്റുമായി കൺസൾട്ട് ചെയ്ത് അതിന്റെ റെവ്യൂ എന്തെങ്കിലും നടത്തിയിട്ടുണ്ടോ; ഈ പറയുന്ന രീതിയിൽ ഗർഭിണികളായ സ്ത്രീകൾക്ക് പോഷകാഹാരം കിട്ടുന്ന കാര്യം ഉറപ്പുവരുത്തുന്ന വിഷയത്തിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് എന്തെങ്കിലും ചെയ്യാൻ പറ്റുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ഷൺമുഖദാസ് : ഇതിനുവേണ്ടി ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട പ്രവർത്തനമുണ്ട്. അവർ ഇത് വിലയിരുത്തിക്കൊണ്ട് കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്. പക്ഷെ ഈ അടുത്തകാലത്ത് മുലയൂട്ടുന്നത് ഒരു ശീലമാക്കി മാറ്റുന്നതിനുവേണ്ടി വ്യാപകമായ നിലയിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കൂട്ടുവിള പഞ്ചായത്തിലും അതുപോലെതന്നെ മറ്റൊരുപഞ്ചായത്തിലും അവരുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി വീട് വീടാന്തരം സന്ദർശിച്ച് ആയിരക്കണക്കിന് സ്ത്രീകൾ ആ പ്രോജക്ടിൽ പങ്കെടുത്ത് മുലയൂട്ടാൻ അമ്മമാരെ പ്രേരിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രവർത്തനം നടത്തുകയാണ്. കണ്ണൂർ ജില്ലയിലെ ഇരിട്ടിക്ക് അടുത്തുള്ള ഒരു പഞ്ചായത്താണ് അത്തരമൊരു പ്രോജക്ട് നടപ്പാക്കുന്നത്. ആ പഞ്ചായത്തിൽ ആയിരക്കണക്കിന് ആളുകളുടെ പങ്കാളിത്തം അതിൽ വന്നിട്ടുണ്ട്. അതുകൊണ്ട് മുലയൂട്ടുന്ന ശീലം തീർച്ചയായും നമ്മുടെ നാട്ടിൽനിന്ന് അകന്നുപോകുന്നതിൽ നിന്ന് രക്ഷിക്കാൻ ആ കാര്യത്തിൽ അമ്മമാരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് ഇത്തരം പദ്ധതികൾ ആലോചിച്ച് വേണ്ടതൊക്കെ ചെയ്യുന്നത്. അതുകൊണ്ട് മുലയൂട്ടുന്ന ശീലം വളർത്തുന്നതിന് അക്കാര്യത്തിൽ വേണ്ട പ്രോത്സാഹനം കൊടുക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിനുവേണ്ട കാര്യങ്ങൾ ചെയ്യുന്നുമുണ്ട്.

ശ്രീ. പി.എസ്. സുപാൽ : നമ്മുടെ സംസ്ഥാനത്തെ ആശുപത്രികളിൽ ഡോക്ടർമാരുടെ കുറവ് പൊതുവേയുണ്ട്. പ്രധാനപ്പെട്ട ആശുപത്രികളിൽപ്പോലും ഗൈനക്കോളജിസ്റ്റുകൾ ഇല്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ആവശ്യമായ തീരുമാനമുണ്ടായിട്ടുണ്ടോ?

ശ്രീ. എ.സി. ഷൺമുഖദാസ് : മുമ്പ് പലപ്പോഴും നാന്നൂറും അഞ്ഞൂറും വേക്കൻസികളാണ് ഒഴിഞ്ഞുകിടന്നിരുന്നത്. ഇപ്പോൾ ആ സ്ഥിതിയൊക്കെ മാറിയിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ഡോക്ടർമാരെ കിട്ടാനില്ലാതെ വരുന്ന സാഹചര്യത്തിൽ അവിടെ കോൺട്രാക്ട് ബേസിസ്സിൽ ആ ഒഴിവുകൾ നികത്താൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും അധികാരം കൊടുത്തതിന്റെ ഫലമായി ഇപ്പോൾ ഡോക്ടർമാരുടെ കുറവ് നൂറിൽ താഴെയാക്കി കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. പി.എസ്.സി.യുടെ ലിസ്റ്റ് നിലവിലില്ല. ഒന്നുരണ്ട് ആഴ്ചകൾക്കുള്ളിൽ ലിസ്റ്റ് വന്നാൽ സ്ഥിരമായി ആളുകളെ നിയമിക്കാൻ കഴിയും. അപ്പോൾത്തന്നെ കോൺട്രാക്ട് ബേസിസ്സിലുള്ള ആളുകളെ മാറ്റുമ്പോൾ എന്താകും സ്ഥിതി എന്നറിഞ്ഞുകൂടാ. ഗവൺമെന്റ് അക്കാര്യം പരിശോധിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചത് എല്ലാ സ്ഥലങ്ങളിലും ഏറ്റവും ചുരുങ്ങിയത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെങ്കിലും ഗൈനക്കോളജിസ്റ്റുകളെ പോസ്റ്റു ചെയ്യണമെന്നാണ്. ഗൈനക്കോളജിസ്റ്റിന്റെ പോസ്റ്റ് ഉള്ള സ്ഥലങ്ങളിൽപ്പോലും ആ തസ്തികകളിൽ വേണ്ടത്ര ആളുകളെ കിട്ടാനില്ലാത്തതുകൊണ്ട് ആ വേക്കൻസികൾ പൂർണ്ണമായും നികത്താൻ കഴിയുന്നില്ല. ആരോഗ്യവകുപ്പിനെ സംബന്ധിച്ചിടത്തോളം സ്പെഷ്യാലിറ്റിയുടെ അടിസ്ഥാനത്തിലുള്ള ഒരു പ്രത്യേകവിഭാഗത്തിൽ ഡിപ്പാർട്ടുമെന്റലൈസേഷൻ ഇതുവരെ നടന്നിട്ടില്ല. പലഘട്ടങ്ങളിലായി ചർച്ച ചെയ്യുകയാണ്. സാമ്പത്തികമായി ഇതിന് ബാദ്ധ്യതയുണ്ടെങ്കിലും ഗവൺമെന്റ് സജീവമായി അത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഒരു കാറ്റഗറി അടിസ്ഥാനത്തിലുള്ള ഡിപ്പാർട്ടുമെന്റലൈസേഷൻ ആരോഗ്യവകുപ്പിൽ കൂടി നടപ്പാക്കി

ക്കഴിഞ്ഞാൽ ഇതിനൊരു പരിഹാരം കാണാൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നു.

മി. സ്പീക്കർ: ചോദ്യം 490,

പരിസ്ഥിതി പ്രശ്നം

2 (*490) ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ വ്യാപകമായ ഉപയോഗംമൂലം ഉണ്ടായിട്ടുള്ള പരിസ്ഥിതി പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് ഇപ്പോൾ പ്ലാസ്റ്റിക് നിരോധനം നിലവിലുണ്ടോ;

(സി) സംസ്ഥാനത്ത് മുഴുവനായി പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം സജീവമായി പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ,

(എ) ഉണ്ട്.

(ബി) ശബരിമലയിൽ പ്ലാസ്റ്റിക് സാമഗ്രികൾ പ്രത്യേകിച്ചും ക്യാരിബാഗുകൾ ഉപയോഗിക്കുന്നത് ഹൈക്കോടതി നിയോഗിച്ച സ്പെഷ്യൽ കമ്മീഷണർ നിരോധിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പ്ലാസ്റ്റിക് ക്യാരിബാഗുകൾ, കണ്ടെയിനേഴ്സ്, ഇവയുടെ നിരോധനം സംബന്ധിച്ച കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 20-11-98-ൽ എസ്.ഒ. 980(ഇ) നമ്പർ പ്രകാരം പ്ലാസ്റ്റിക് ബാഗുകളുടെ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ പ്ലാസ്റ്റിക് സഞ്ചികളുടെയും മറ്റും ഉപയോഗം നിരോധിക്കുന്ന കാര്യം പരിഗണിക്കാനാകൂ.

ശ്രീ. ജോണി നെല്ലൂർ: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ദോഷകരമായി ബാധിക്കുന്ന പരിസ്ഥിതി പ്രശ്നം ശരിയായി പഠിച്ച് നമ്മുടെ നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി ഒരു റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ആ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലായെങ്കിലും തീർച്ചയായിട്ടും പരിസ്ഥിതി പ്രശ്നം ഉള്ളതുകൊണ്ട് കൊല്ലം ജില്ലയിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നഗരസഭ നിരോധിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നിരോധനം നിലനിർത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly